## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

| | |
|---|---|
| **നക്ഷത്ര ചിഹ്നമിടാത്ത** | **14-12-2015 ൽ** |
| **ചോദ്യം നം. 2667** | **മറുപടിയ്ക്ക്.** |

### സ്റ്റോറേജ് ഡാം നിർമ്മാണ പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വർക്കല കഹാർ<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.വി.ഡി.സതീശൻ** | | **ശ്രീ. പി.ജെ. ജോസഫ്<br>(ബഹു. ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) | സ്റ്റോറേജ് ഡാമുകൾ നിർമ്മിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | നദികളിലെയും മറ്റു പ്രധാന നീർച്ചാലുകളിലെയും നീരൊഴുക്ക് സ്ഥായിയാക്കുക, കാലവർഷസമയത്ത് ലഭിക്കുന്ന അധികജലം തടഞ്ഞുനിർത്തി സമീപ പ്രദേശത്തെ ഭൂജലവിതാനം താഴാതെ നിലനിർത്തുക, കാർഷിക ഗാർഹികാവശ്യങ്ങൾക്ക് ആവശ്യമായ ജലം ലഭ്യമാക്കുക, മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക, ചെറുകിട വൈദ്യുതോത്പാദനം, പാരിസ്ഥിതിക ധർമ്മങ്ങൾക്കാവശ്യമായ ജലം ലഭ്യമാക്കുക എന്നിവയാണ് ഉദ്ദേശലക്ഷ്യങ്ങൾ. |
| (സി) | പദ്ധതി നടത്തിപ്പിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ? | (സി) | പാമ്പാർ ബേസിൻ പ്രോജക്ടിൽ ഉൾപ്പെടുന്ന അപ്പർചട്ട മൂന്നാർ ലോവർചട്ട മൂന്നാർ ഡാമുകൾ ആർ.ഐ.ഡി.എഫ്-ൽ ഉൾപ്പെടുത്തി വിശദമായ പദ്ധതിരേഖ തയ്യാറാക്കി വരുന്നു. കൂടാതെ ടി പദ്ധതിയിൽ ഉൾപ്പെടുന്ന ഒറ്റമരം ഡാമിന്റെ വിശദമായ പദ്ധതിരേഖ തയ്യാറാക്കി വരുന്നു.<br><u>മീനച്ചിൽ നദീതടപദ്ധതി</u><br>1. പഴുക്കക്കാനം ഡാമും കനാലും<br>132 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>2. തീക്കോയി പഞ്ചായത്തിലെ ചേരിപ്പൊട് ഭാഗത്ത് റഗുലേറ്ററോട് കൂടിയ മിനിഡാമിന് ഭരണാനുമതിയും 7.15 കോടി രൂപയുടെ സാങ്കേതികാനുമതിയും |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. ബഡ്ജറ്റ് വിഹിതം ലഭിക്കാത്തതിനാൽ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല.<br>3. ഭരണങ്ങാനം പഞ്ചായത്തിൽ കുറ്റനാൽ കടവിൽ പാലവും റഗുലേറ്ററും ഉൾപ്പെടുന്ന മിനിഡാമിന് 10.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി ലഭിക്കുന്നതിനുവേണ്ടിയുള്ള എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.<br>4. പാലാ മുൻസിപ്പാലിറ്റിയിൽ അരുണാപുരം ഭാഗത്ത് പാലവും റഗുലേറ്ററും ഉൾപ്പെടുന്ന മിനിഡാമിന് 10 കോടി രൂപയുടെ ഭരണാനുമതിയും 11.31 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ടി വർക്ക് 4702 ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഫണ്ട് ഉപയോഗിച്ച് ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചതനുസരിച്ച് കരാർ ജോലിക്കുള്ള ദർഘാസ് നോട്ടീസ് പരസ്യപ്പെടുത്തിയിട്ടുണ്ട്.<br>5. കിടങ്ങൂർ പഞ്ചായത്തിൽ ചെമ്പിളാവ് ഭാഗത്ത് റഗുലേറ്ററോട് കൂടിയ മിനിഡാമിന് ഭരണാനുമതിയും 8.05 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ബഡ്ജറ്റ് വിഹിതം ഇല്ലാത്തതിനാൽ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല.<br>6. ഏറ്റുമാനൂർ പഞ്ചായത്തിലെ പള്ളിക്കുന്ന് ഭാഗത്ത് റഗുലേറ്ററോട് കൂടിയ മിനിഡാമിന് ഭരണാനുമതിയും 8.32 കോടിയ്ക്കുള്ള സാങ്കേതികാനുമതിയും നൽകി. ബഡ്ജറ്റ് വിഹിതം ഇല്ലാത്തതിനാൽ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല.<br>7. കോട്ടയം മുനിസിപ്പാലിറ്റിയിലെ പാറാമ്പുഴ ഭാഗത്ത് പാലവും റഗുലേറ്ററും ഉൾപ്പെടുന്ന മിനിഡാമിന് 30 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.<br>8. ചില്ലാച്ചി ഭാഗത്ത് വരുന്ന ചെക്ക് ഡാമിന് 3.07 കോടി രൂപയുടെ ഭരണാനുമതി നൽകി. പര്യവേഷണ പണികൾ നടന്നുവരുന്നു. |

| | | | |
|---|---|---|---|
| | | | തൃശൂർ ജില്ലയിലെ വിവിധ പദ്ധതികളിൽ കുറുമാലി പുഴയിൽ കാനാറ്റുപാടം, കാരുംകുളം, തോട്ട് മുഖം, കാനത്തോട് എന്നിവിടങ്ങളിൽ റെഗുലേറ്ററുകൾ നിർമ്മിക്കുന്നതിനുള്ള പ്രാഥമിക പഠനം പൂർത്തീകരിച്ച് പുതിയ നിരക്ക് പ്രകാരം എസ്റ്റിമേറ്റുകൾ റിവൈസ്ഡ് ഭരണാനുമതിയ്ക്ക് വേണ്ടി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. കൂടാതെ കുറുമാലി പുഴയിൽ തന്നെയുള്ള ആറ്റപ്പള്ളി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ പൂർത്തിയാക്കാനുള്ള ബാക്കി പണികൾക്ക് വേണ്ടി 7 കോടി രൂപ 2015-16 ൽ അനുവദിച്ചിട്ടുണ്ട്. കരുവാന്നൂർ പുഴയിൽ മുനയം റെഗുലേറ്റർ എന്ന പ്രവൃത്തിക്ക് 02-11-09-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. റിവൈസ്ഡ് ഭരണാനുമതി ലഭിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം -2 എടുത്തുവരുന്നു. മുകളിൽപ്പറഞ്ഞ തൃശൂർ ജില്ലയിലെ പ്രവൃത്തികൾക്കായി 46 കോടി രൂപ ബഡ്ജറ്റിൽ നീക്കി വച്ചിട്ടുണ്ട്. ഈ പ്രവൃത്തികളുടെ പുതിയ നിരക്ക് പ്രകാരമുള്ള റിവൈസ്ഡ് എസ്റ്റിമേറ്റുകൾക്ക് അംഗീകാരം നൽകുന്ന വിഷയം പരിശോധിച്ചു വരുന്നു.<br>പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിലെ ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി അട്ടപ്പാടിവാലി ഇറിഗേഷൻ പ്രോജക്ട് (AVIP) ന് 22-08-12 പ്രകാരം തത്വത്തിൽ അംഗീകാരം (in principle approval) നൽകിയിട്ടുണ്ട്. AVIP യുടെ കേന്ദ്ര പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**